| 06–08–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– എത്ര സമയം ലഭിക്കുന്നുവോ ഏകാന്തമായിരുന്ന് ഓര്‍മ്മയുടെ യാത്ര ചെയ്യണം, എപ്പോള്‍ നിങ്ങള്‍ ലക്ഷ്യത്തില്‍ എത്തുന്നുവോ അപ്പോള്‍ ഈ യാത്ര പൂര്‍ത്തിയാകും.**

**ചോദ്യം–** സംഗമയുഗത്തില്‍ ബാബ തന്റെ മക്കളില്‍ അരകല്‍പത്തോളം നിലനില്‍ക്കുന്ന ഏതൊരു ഗുണമാണ് നിറച്ചുതരുന്നത് ?
**ഉത്തരം–** ബാബ പറയുന്നു– എങ്ങനെ ഞാന്‍ അതിമധുരമാണോ, അതുപോലെ കുട്ടികളേയും മധുരമാക്കി മാറ്റുന്നു. ദേവതകള്‍ വളരെ മധുരമാണ്. നിങ്ങള്‍ കുട്ടികള്‍ ഇപ്പോള്‍ മധുരമായി മാറുന്നതിനുള്ള പുരുഷാര്‍ത്ഥം ചെയ്യുകയാണ്. ആരാണോ വളരെ അധികം പേരുടെ നന്മ ചെയ്യുന്നത്, ആരിലാണോ ഒരു പൈശാചിക ചിന്തകള്‍ ഇല്ലാത്തത്, അവര്‍ തന്നെയാണ് മധുരമായിട്ടുള്ളവര്‍. അവര്‍ക്കുതന്നെയാണ് ഉയര്‍ന്ന പദവി പ്രാപ്തമാകുന്നത്. അവരുടെതന്നെ പൂജയാണ് പിന്നീട് ഉണ്ടാകുന്നത്.

**ഓം ശാന്തി**. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുന്നു ഈ ശരീരത്തിന്റെ അധികാരി ആത്മാവാണ്. ആദ്യം ഇത് മനസ്സിലാക്കണം എന്തുകൊണ്ടെന്നാല്‍ ഇപ്പോള്‍ കുട്ടികള്‍ക്ക് ജ്ഞാനം ലഭിച്ചു. ആദ്യമാദ്യം മനസ്സിലാക്കണം ഞാന്‍ ആത്മാവാണ്. ശരീരത്തിലൂടെ ആത്മാവ് കാര്യങ്ങള്‍ ചെയ്യുന്നു, പാര്‍ട്ട് അഭിനയിക്കുന്നു. ഇങ്ങനെയുള്ള ചിന്തകള്‍ മറ്റൊരു മനുഷ്യനിലും ഉണ്ടാകില്ല എന്തുകൊണ്ടെന്നാല്‍ ദേഹാഭിമാനത്തിലാണ്. ഇവിടെ ഞാന്‍ ആത്മാവാണ് എന്ന ചിന്തയിലാണ് ഇരുത്തുന്നത്. ഇത് എന്റെ ശരീരമാണ്. ഞാന്‍ ആത്മാവ് പരമപിതാ പരമാത്മാവിന്റെ സന്താനമാണ്. ഈ ഓര്‍മ്മ തന്നെയാണ് ഇടക്കിടെ മറന്നുപോകുന്നത്. ആദ്യം ഇത് പൂര്‍ണ്ണമായി ഓര്‍മ്മിക്കണം. യാത്ര ചെയ്യുമ്പോള്‍ എപ്പോഴും മുന്നോട്ട് പോയിക്കൊണ്ടിരിക്കൂ എന്ന് പറയാറുണ്ട്. നിങ്ങള്‍ക്കും ഓര്‍മ്മയുടെ യാത്രയില്‍ മുന്നോട്ട് പോയിക്കൊണ്ടിരിക്കണം, അഥവാ ഓര്‍മ്മിക്കണം. ഓര്‍മ്മിക്കുന്നില്ല അര്‍ത്ഥം യാത്ര ചെയ്യുന്നില്ല. ദേഹാഭിമാനം വരുന്നു. ദേഹാഭിമാനത്താല്‍ എന്തെങ്കിലും വികര്‍മ്മം ഉണ്ടാകുന്നു. മനുഷ്യര്‍ എപ്പോഴും വികര്‍മ്മം ചെയ്തുകൊണ്ടിരിക്കുന്നു എന്നല്ല. പക്ഷേ സമ്പാദ്യം അവസാനിക്കുന്നുണ്ടല്ലോ അതിനാല്‍ എത്ര സാധിക്കുമോ ഓര്‍മ്മയുടെ യാത്രയില്‍ തണുപ്പനാകരുത്. ഏകാന്തമായിരുന്ന് വിചാരസാഗരമഥനം ചെയ്ത് പോയന്റ്സ് കണ്ടെത്തണം. എത്ര സമയം ബാബയുടെ ഓര്‍മ്മയില്‍ ഇരിക്കുന്നുണ്ട്, മധുരമായ വസ്തുവിന്റെ ഓര്‍മ്മ വരുമല്ലോ.

കുട്ടികള്‍ക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, ഈ സമയത്ത് എല്ലാ മനുഷ്യരും പരസ്പരം നഷ്ടം മാത്രമാണ് ഉണ്ടാക്കുന്നത്. കേവലം ടീച്ചറുടെ മഹിമയാണ് ബാബ ചെയ്യുന്നത്, അതില്‍ ചില ചില ടീച്ചേഴ്സ് മോശമായിരിക്കും, ഇല്ലെങ്കില്‍ ടീച്ചര്‍ എന്നാല്‍ പഠിപ്പിക്കുന്നയാള്‍, മാനേഴ്സ് പഠിപ്പിക്കുന്നവര്‍ എന്നാണര്‍ത്ഥം. ആരാണോ ധാര്‍മ്മിക ബോധമുള്ളവര്‍, നല്ല സ്വഭാവമുള്ളവര്‍ അവരുടെ പെരുമാറ്റവും വളരെ നല്ലതായിരിക്കും. അച്ഛന്‍ മദ്യപിക്കുന്നുണ്ടെങ്കില്‍ കുട്ടികള്‍ക്കും ആ ശീലം ഉണ്ടാകും. ഇതിനെ മോശമായ കൂട്ട് എന്നാണ് പറയുന്നത് എന്തുകൊണ്ടെന്നാല്‍ ഇത് രാവണരാജ്യമല്ലേ. രാമരാജ്യം തീര്‍ച്ചയായും ഉണ്ടായിരുന്നു എന്നാല്‍ അത് എങ്ങനെയുള്ളതായിരുന്നു, എങ്ങനെ സ്ഥാപിക്കപ്പെട്ടു എന്നിങ്ങനെയുള്ള അത്ഭുതകരവും മധുരവുമായ കാര്യങ്ങള്‍ നിങ്ങള്‍ കുട്ടികള്‍ മാത്രമേ അറിയുന്നുള്ളൂ. സ്വീറ്റ്, സ്വീറ്റര്‍, സ്വീറ്റസ്റ്റ് എന്ന് പറയാറുണ്ടല്ലോ. ബാബയുടെ ഓര്‍മ്മയില്‍ ഇരുന്നാണ് നിങ്ങള്‍ പവിത്രമായി മാറുന്നതും പവിത്രമാക്കി മാറ്റുന്നതും. ബാബ പുതിയ സൃഷ്ടിയിലേക്ക് വരുന്നില്ല. സൃഷ്ടിയില്‍ മനുഷ്യര്‍, മൃഗങ്ങള്‍, പാടം –കൃഷി മുതലായവയാണ് ഉണ്ടാവുക. മനുഷ്യര്‍ക്ക് ഇതെല്ലാം ആവശ്യമാണല്ലോ. ശാസ്ത്രങ്ങളില്‍ കാണിക്കുന്ന പ്രളയത്തിന്റെ വൃത്താന്തവും തെറ്റാണ്. പ്രളയം ഉണ്ടാകുന്നില്ല. ഈ സൃഷ്ടിയുടെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. കുട്ടികളുടെ ചിന്തയില്‍ ആദ്യം മുതല്‍ അവസാനം വരെയുള്ള കാര്യങ്ങളുമുണ്ട്. മനുഷ്യര്‍ക്കാണെങ്കില്‍ അനേകപ്രകാരത്തിലുള്ള കാര്യങ്ങള്‍ ഓര്‍മ്മ വരും. മേളയും ഉത്സവവും എല്ലാം ഓര്‍മ്മവരും. അതെല്ലാം പരിധിയുള്ളതാണ്, നിങ്ങളുടേത് പരിധിയില്ലാത്ത ഓര്‍മ്മയാണ്, പരിധിയില്ലാത്ത സന്തോഷവും പരിധിയില്ലാത്ത ധനവും. പരിധിയില്ലാത്ത അച്ഛനല്ലേ. പരിധിയുള്ള അച്ഛനില്‍ നിന്നും ലഭിക്കുന്നതെല്ലാം പരിധിയുള്ളതാണ്. പരിധിയില്ലാത്ത അച്ഛനില്‍ നിന്നും പരിധിയില്ലാത്ത സുഖം ലഭിക്കുന്നു. സുഖം ഉണ്ടാകുന്നത് ധനത്തിലൂടെയാണ്. അവിടെ അളവറ്റ ധനം ഉണ്ടാകും. അവിടെ എല്ലാം സതോപ്രധാനമാണ്. നിങ്ങളുടെ ബുദ്ധിയിലുണ്ട്, നമ്മള്‍ സതോപ്രധാനമായിരുന്നു വീണ്ടും ആവണം. ഇതും നിങ്ങള്‍ ഇപ്പോഴാണ് അറിയുന്നത്, നിങ്ങളും നമ്പര്‍വൈസ് ആയി സ്വീറ്റ്, സ്വീറ്റര്‍, സ്വീറ്റസ്റ്റ് ആണല്ലോ. ബാബയെക്കാളും മധുരമായി മാറാന്‍ പോകുന്നവരാണ്. അവരാണ് ഉയര്‍ന്ന പദവി നേടുന്നത്. ആരാണോ ധാരാളം പേരുടെ മംഗളം ചെയ്യുന്നത് അവരാണ് സ്വീറ്റസ്റ്റ്. ബാബയും സ്വീറ്റസ്റ്റല്ലേ, അതിനാലല്ലേ

എല്ലാവരും ബാബയെ ഓർമ്മിക്കുന്നത്. തേനിനേയോ പഞ്ചസാരയേയോ സ്വീറ്റെസ്റ്റ് എന്ന് പറയാറില്ല. മനുഷ്യരുടെ പെരുമാറ്റത്തെയാണ് സ്വീറ്റെസ്റ്റ് എന്ന് പറയുന്നത്. ഇത് മധുരമായ കുട്ടിയാണ് എന്ന് പറയാറില്ലേ. സത്യയുഗത്തിൽ പൈശാചികമായ ഒരു കാര്യവും ഉണ്ടാകില്ല. അവിടെ ഇത്രയും ഉയർന്ന പദവി നേടണമെങ്കിൽ തീർച്ചയായും ഇവിടെ പുരുഷാർത്ഥം ചെയ്തിട്ടുണ്ട്.

നിങ്ങൾക്കിപ്പോൾ പുതിയ ലോകത്തെ അറിയാം. നാളെ നിങ്ങൾ പുതിയ ലോകമായ സുഖധാമത്തിലായിരിക്കും. ശാന്തി എപ്പോഴാണ് ഉണ്ടായിരുന്നത്- ഇത് മനുഷ്യർക്ക് അറിയില്ല. വിശ്വത്തിൽ ശാന്തിയുണ്ടാകണം എന്ന് ആഗ്രഹിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം- വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു അതിപ്പോൾ വീണ്ടും സ്ഥാപന ചെയ്യുകയാണ്. ഇപ്പോൾ ഇത് എല്ലാവർക്കും എങ്ങനെ മനസ്സിലാക്കിക്കൊടുക്കും? മനുഷ്യർ വളരെ അധികം ആഗ്രഹിക്കുന്ന തരത്തിലുള്ള പോയന്റ്സ് ഇതുപോലെ കണ്ടെത്തണം. വിശ്വത്തിൽ ശാന്തിയുണ്ടാകണം ഇതിനായി തലയിട്ടുടക്കുന്നു എന്തെന്നാൽ അശാന്തി വളരെ അധികമാണ്. ഈ ലക്ഷ്മീ നാരായണന്മാരുടെ ചിത്രം നൽകണം. ഇവരുടെ രാജ്യം ഉണ്ടായിരുന്നപ്പോൾ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു, അതിനെത്തന്നെയാണ് സ്വർഗ്ഗം, ദൈവീക ലോകം എന്നെല്ലാം പറയുന്നത്. അവിടെ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. ഇന്നേക്ക് 5000 വർഷങ്ങൾക്കുമുമ്പുള്ള കാര്യമാണ്, ഇത് ആർക്കും അറിയില്ല. ഇതാണ് മുഖ്യമായ കാര്യം. മുഴുവൻ ആത്മാക്കളും ഒരുമിച്ച് പറയുന്നു വിശ്വത്തിൽ എങ്ങനെ ശാന്തിയുണ്ടാകും? എല്ലാ ആത്മാക്കളും വിളിക്കുന്നു, നിങ്ങൾ ഇവിടെ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ആരാണോ വിശ്വത്തിൽ ശാന്തിയുണ്ടാകണം എന്ന് ആഗ്രഹിക്കുന്നത് അവരെ കേൾപ്പിക്കൂ അതായത് ഭാരതത്തിൽത്തന്നെയാണ് ശാന്തിയുണ്ടായിരുന്നത്. എപ്പോൾ ഭാരതം സ്വർഗ്ഗമായിരുന്നുവോ അപ്പോൾ ശാന്തിയുണ്ടായിരുന്നു, ഇപ്പോൾ നരകമാണ്. നരകത്തിൽ അഥവാ കലിയുഗത്തിൽ അശാന്തിയാണ് എന്തുകൊണ്ടെന്നാൽ അനേകം ധർമ്മങ്ങളുണ്ട്, മായയുടെ രാജ്യമാണ്. ഭക്തിയുടേയും ഷോ ആണ്. ദിനംപ്രതി വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. മനുഷ്യരും മേളകളിലേക്കും ഉത്സവങ്ങളിലേക്കും പോകുന്നു, എന്തെങ്കിലും സത്യം ഉണ്ടാകും എന്ന് കരുതുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം അതിലൂടെ ആർക്കും പാവനമായി മാറാൻ കഴിയില്ല. പാവനമായി മാറുന്നതിനുള്ള വഴി ഒരു മനുഷ്യനും പറഞ്ഞുതരാൻ കഴിയില്ല. പതിത പാവനൻ ഒരേയൊരു ബാബയാണ്. ലോകം ഒന്നേയുള്ളു, കേവലം പുതിയത് പഴയത് എന്ന് പറയുന്നു. പുതിയ ലോകത്തിൽ പുതിയ ഭാരതവും പുതിയ ഡെൽഹിയും എന്ന് പറയുന്നു. പുതിയതാവണം, അതിൽ പിന്നീട് പുതിയ രാജ്യമുണ്ടാകും. ഇവിടെ പഴയ ലോകത്തിൽ പഴയ രാജ്യമാണ്. പഴയ ലോകം, പുതിയലോകം എന്ന് എന്തിനെയാണ് പറയുന്നത് എന്ന് നിങ്ങൾക്കറിയാം. ഭക്തിയുടെ പ്രസ്ഥാനം എത്ര വലുതാണ്. ഇതിനെയാണ് അജ്ഞാനം എന്ന് പറയുന്നത്. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. രാമ രാമാ എന്ന് പറയൂ അല്ലെങ്കിൽ വേറെ എന്തെങ്കിലും ചെയ്യൂ എന്നല്ല ബാബ നിങ്ങളോട് പറയുന്നത്. ഇല്ല, ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നത് എന്നത് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഈ വിദ്യ നിങ്ങൾ പഠിക്കുകയാണ്. ഇതിന്റെ പേരു തന്നെ ആത്മീയവിദ്യ എന്നാണ്. ആത്മീയജ്ഞാനമാണ്. ഇതിന്റെ അർത്ഥംപോലും ആരും അറിയുന്നില്ല. ജ്ഞാനസാഗരൻ എന്ന് ഒരേയൊരു ബാബയെയാണ് പറയുന്നത്. ആത്മീയ ജ്ഞാനത്തിന്റെ സാഗരമായത് ബാബയാണ്. ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ആത്മീയ അച്ഛൻ പഠിപ്പിക്കുകയാണ്. ഇത് ആത്മീയ ജ്ഞാനമാണ്. ആത്മീയ ജ്ഞാനത്തെത്തന്നെയാണ് സ്പിരിച്വൽ നോളേജ് എന്ന് പറയുന്നത്.

നിങ്ങൾ കുട്ടികൾക്കറിയാം പരമപിതാ പരമാത്മാവ് ബിന്ദുവാണ്, ബാബ നമ്മെ പഠിപ്പിക്കുകയാണ്. നമ്മൾ ആത്മാക്കൾ പഠിക്കുകയാണ്. ഇത് മറന്നുപോകരുത്. നമ്മൾ ആത്മാക്കൾക്ക് എന്ത് ജ്ഞാനമാണോ ലഭിക്കുന്നത് അത് പിന്നീട് നമ്മൾ മറ്റാത്മാക്കൾക്ക് നൽകുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുമ്പോഴേ ഈ ഓർമ്മ സ്ഥായിയാവൂ. ഓർമ്മയിൽ തീർത്തും പാകമായിട്ടില്ല, പെട്ടെന്ന് ദേഹാഭിമാനം വരുന്നു. ദേഹീ അഭിമാനിയായി മാറുന്നതിനുള്ള അഭ്യാസം ചെയ്യണം. നമ്മൾ ആത്മാക്കൾ ബാബയുമായി കച്ചവടം ചെയ്യുകയാണ്. നമ്മൾ ആത്മാക്കൾ വ്യാപാരം നടത്തുകയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കുന്നതിലാണ് ലാഭം. ആത്മാവിന് ജ്ഞാനമുണ്ട് നമ്മൾ യാത്രയിലാണ്. കർമ്മം ചെയ്യുകതന്നെ വേണം. കുട്ടികളേയും സംരക്ഷിക്കണം. ജോലികാര്യങ്ങളും ചെയ്യണം. ജോലി ചെയ്യുമ്പോഴും ഞാൻ ആത്മാവാണ് എന്ന ഓർമ്മവേണം എന്നാൽ ഇത് വളരെ ബുദ്ധിമുട്ടാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ പാവനമായി മാറുന്നതിനുള്ള പ്രതിജ്ഞ ചെയ്യുന്നു. ഈ രക്ഷാബന്ധനം അതിന്റെ ഓർമ്മചിഹ്നമാണ്. മുമ്പ് കാലണയുടെ രാഖിയാണ് ലഭിച്ചിരുന്നത്. ബ്രാഹ്മണർ ചെന്ന് രക്ഷ ബന്ധിക്കും. ഇന്നാണെങ്കിൽ രാഖി പോലും എത്ര ഫാഷനബിളായിരിക്കുന്നു. വാസ്തവത്തിൽ ഇത് ഇപ്പോഴത്തെ കാര്യമാണ്. നിങ്ങൾ ബാബയോട് പ്രതിജ്ഞ ചെയ്യുന്നു- ഞങ്ങൾ ഒരിയക്കലും വികാരത്തിലേക്ക് പോകില്ല.

അങ്ങയിൽ നിന്നും വിശ്വത്തിന്റെ അധികാരിയാവുന്നതിനുള്ള സമ്പത്ത് എടുക്കും. ബാബ പറയുന്നു 63 ജന്മം വിഷയസാഗരത്തിൽ മുങ്ങിത്താഴ്ന്നാണ് വന്നത് ഇപ്പോൾ നിങ്ങളെ ക്ഷീരസാഗരത്തിലേക്ക് കൊണ്ടുപോവുകയാണ്. സാഗരമൊന്നുമില്ല. ഉപമിച്ച് പറയുകയാണ്. നിങ്ങളെ ശിവാലയത്തിലേക്ക് കൊണ്ടുപോകുന്നു. അവിടെ അളവില്ലാത്ത സുഖമുണ്ട്. അല്ലയോ ആത്മാക്കളേ ഇപ്പോൾ ഇത് അന്തിമ ജന്മമാണ് അതിനാൽ പവിത്രമായി മാറൂ. എന്താ അച്ഛൻ പറയുന്നത് അനുസരിക്കില്ലേ. ഈശ്വരനായ നിങ്ങളുടെ അച്ഛൻ പറയുന്നു മധുരമായ കുട്ടികളേ വികാരത്തിലേക്ക് പോകരുത്. ജന്മ ജന്മാന്തരങ്ങളിലെ പാപം തലയിലുണ്ട്, അത് എന്നെ ഓർമ്മിക്കുന്നതിലൂടെയേ ഭസ്മമാകൂ. കൽപം മുമ്പും നിങ്ങളെ പഠിപ്പിച്ചിരുന്നു. ബാബാ ഞങ്ങൾ അങ്ങയെ ഓർമ്മിച്ചുകൊണ്ടേ ഇരിക്കും എന്ന ഗ്യാരന്റി നിങ്ങൾ നൽകുമ്പോഴാണ് ബാബയും ഗ്യാരന്റി നൽകുന്നത്. ശരീരത്തിന്റെ അഭിമാനം പോലും ഇല്ലാതാകുന്നത്രയും ഓർമ്മിച്ചുകൊണ്ടിരിക്കൂ. സന്യാസിമാരിലും ചിലർ വളരെ തീക്ഷ്ണവും പക്കയായ ബ്രഹ്മജ്ഞാനികളുമായിരിക്കും, അവരും ഇതുപോലെ ഇരുന്നഇരുപ്പിൽ ശരീരം ഉപേക്ഷിക്കും. ഇവിടെയാണെങ്കിൽ ബാബയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്, പാവനമായി തിരിച്ചുപോകണം. അവരാണെങ്കിൽ തന്റെ സ്വന്തം മതം അനുസരിച്ചാണ് നടക്കുന്നത്. അവർ ശരീരം വിട്ട് മുക്തി-ജീവന്മുക്തിയിലേക്കാണ് പോകുന്നത് എന്നല്ല. വീണ്ടും വരുന്നത് ഇവിടേക്ക് തന്നെയാണ് പക്ഷേ അനേകം ശിഷ്യന്മാർ  അവർ നിർവ്വാണത്തിലെത്തിയെന്ന് വിചാരിക്കും ബാബ മനസ്സിലാക്കിത്തരുന്നു- ഒരാൾ പോലും തിരിച്ച് പോകുന്നില്ല, നിയമമില്ല. വൃക്ഷം തീർച്ചയായും വൃദ്ധി നേടണം.

ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിൽ ഇരിക്കുകയാണ്, ബാക്കി മനുഷ്യർ എല്ലാവരും കലിയുഗത്തിലാണ്. നിങ്ങൾ ദൈവീക സമ്പ്രദായത്തിലുള്ളവരായി മാറുകയാണ്. ആരാണോ നിങ്ങളുടെ ധർമ്മത്തിലുള്ളത് അവർ വന്നുകൊണ്ടിരിക്കും. ദേവീ ദേവതകളുടേയും ശാഖകൾ അവിടെയുണ്ടല്ലോ. ഇവിടെ നിന്നും മാറി മറ്റു ധർമ്മങ്ങളിലേക്ക് പോയിരിക്കുന്നു, പിന്നീട് തിരിച്ചുവരും. ഇല്ലെങ്കിൽ അവിടെയുള്ള സ്ഥാനം എങ്ങനെ നിറക്കും. തീർച്ചയായും അവർ തന്റെ സ്ഥാനത്ത് ഇരിക്കാൻ തിരിച്ചുവരും. ഇത് വളരെ സൂക്ഷ്മമായ കാര്യമാണ്. വളരെ നല്ല നല്ല കുട്ടികൾ മറ്റു ധർമ്മങ്ങളിലേക്ക് കൺവേർട്ടായി പോയിട്ടുണ്ട് അവരും വരും വന്ന് തന്റെ സ്ഥാനത്ത് ഇരിക്കും. നിങ്ങളുടെ അടുത്തേക്ക് മുസ്ലീങ്ങളും വരുന്നുണ്ടല്ലോ. വളരെ ശ്രദ്ധവേണം പെട്ടെന്ന് തിരിച്ചറിയും, ഇവിടെ മറ്റു ധർമ്മത്തിലുള്ളവർ എങ്ങനെയാണ് പോകുന്നത്? എമർജൻസിയിൽ വളരെ പേരെ പിടിക്കാറുണ്ട് പിന്നീട് പൈസ കിട്ടുമ്പോൾ വിടുന്നു. എന്താണോ കൽപം മുമ്പ് സംഭവിച്ചത്, അതാണ് നിങ്ങൾ ഇപ്പോൾ കാണുന്നത്. കൽപം മുമ്പും ഇതുപോലെ സംഭവിച്ചിട്ടുണ്ട്. നിങ്ങൾ ഇപ്പോൾ മനുഷ്യനിൽ നിന്നും ഉത്തമപുരുഷനായ ദേവതയായി മാറുകയാണ്. ഇത് സർവ്വോത്തമമായ ബ്രാഹ്മണകുലമാണ്. ഈ സമയത്ത് അച്ഛനും കുട്ടികളും ആത്മീയ സേവനത്തിലാണ്. ദരിദ്രനെ ധനവാനാക്കി മാറ്റുക എന്നതും ആത്മീയസേവനമാണ്. ബാബ മംഗളം ചെയ്യുകയാണ് അതിനാൽ കുട്ടികളും സഹായിക്കണം. ആരാണോ വളരെപ്പേർക്ക് വഴി പറഞ്ഞുകൊടുക്കുന്നത് അവർക്ക് ഉയരങ്ങളിലെത്താൻ സാധിക്കും. നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം പക്ഷേ വിഷമിക്കേണ്ടതില്ല എന്തെന്നാൽ നിങ്ങളുടെ ഉത്തരവാദിത്വം ബാബയുടെമേലാണ്. പുരുഷാർത്ഥം ശക്തമായി ചെയ്യിക്കുന്നു പിന്നീട് അതിന്റെ ഫലം ലഭിക്കുന്നു, കൽപം മുമ്പത്തേതുപോലെയാണ് എന്നത് മനസ്സിലാക്കണം. ബാബ കുട്ടികളോട് പറയുന്നു- കുട്ടികളേ, ചിന്തിക്കേണ്ടതില്ല. സേവനത്തിൽ പരിശ്രമിക്കൂ. മനസ്സിലാക്കുന്നില്ലെങ്കിൽ എന്ത് ചെയ്യും! ഈ കുലത്തിലേതല്ലെങ്കിൽ നിങ്ങൾ എത്ര തന്നെ തലയിട്ടുടച്ചാലും ചിലർ അൽപം വിഷമിപ്പിക്കും, ചിലർ കൂടുതലും. ബാബ പറഞ്ഞിട്ടുണ്ട് എപ്പോഴാണോ വളരെ അധികം ദുഃഖങ്ങൾ ഉണ്ടാകുന്നത് അപ്പോൾ വരും. നിങ്ങളുടേത് ഒന്നും വ്യർത്ഥമായിപ്പോകില്ല. ശരി പറഞ്ഞുകൊടുക്കുക എന്നതാണ് നിങ്ങളുടെ ജോലി. ശിവബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ഭഗവാൻ തീർച്ചയായും ഉണ്ട് എന്ന് ഒരുപാടുപേർ പറയുന്നു. മഹാഭാരതയുദ്ധത്തിന്റെ സമയത്ത് ഭഗവാൻ ഉണ്ടായിരുന്നു. ഏത് ഭഗവാനാണ് ഉണ്ടായിരുന്നത് എന്നതിൽ മാത്രം കുഴപ്പമാണ്. കൃഷ്ണൻ ഉണ്ടാവുക സാധ്യമല്ല. കൃഷ്ണൻ അതേ ഫീച്ചേഴ്സോടുകൂടി സത്യയുഗത്തിലേ വരുകയുള്ളു. ഓരോ ജന്മത്തിലും ഫീച്ചേഴ്സ് മാറിക്കൊണ്ടിരിക്കും. സൃഷ്ടി ഇപ്പോൾ മാറുകയാണ്. പഴയതിനെ ഭഗവാൻ ഇപ്പോൾ എങ്ങനെയാണ് പുതിയതാക്കി മാറ്റുന്നത്, ഇത് ആർക്കും അറിയില്ല. അവസാനം നിങ്ങളുടെ പേര് വരും. സ്ഥാപന നടക്കുകയാണ് പിന്നീട് ഇവർ രാജ്യം ഭരിക്കും, വിനാശവും ഉണ്ടാകും. ഒരു വശത്ത് പുതിയ ലോകവും മറുവശത്ത് പഴയ ലോകവും- ഈ ചിത്രം വളരെ നല്ലതാണ്. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം.....എന്നെല്ലാം പറയുന്നുണ്ട് പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ത്രിമൂർത്തികളുടേതാണ് മുഖ്യമായ ചിത്രം. ഉയർന്നതിലും ഉയർന്നത് ശിവബാബയാണ്. ശിവബാബ ബ്രഹ്മാബാബയിലൂടെ നമ്മെ ഓർമ്മയുടെ യാത്ര ചെയ്യാൻ പഠിപ്പിക്കുകയാണ്. ബാബയെ ഓർമ്മിക്കൂ, യോഗം എന്ന വാക്ക് ബുദ്ധിമുട്ടായി തോന്നും. ഓർമ്മ എന്ന വാക്ക് വളരെ സഹജമാണ്. ബാബാ എന്ന വാക്ക് വളരെ ലവ്‌ലിയാണ്.

നിങ്ങൾക്ക് സ്വയം ലജ്ജ തോന്നും- ആരിൽ നിന്നാണോ വിശ്വത്തിന്റെ ചക്രവർത്തീ പദം ലഭിക്കുന്നത് ആ അച്ഛനെ ഓർമ്മിക്കാൻ നമ്മൾ ആത്മാക്കൾക്ക് സാധിക്കില്ലേ. സ്വയം ലജ്ജ തോന്നും. ബാബ പറയുന്നു നിങ്ങൾ വിവേകശൂന്യരാണ്, ബാബയെ ഓർമ്മിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എങ്ങിനെ സമ്പത്ത് നേടും! വികർമ്മം എങ്ങനെ വിനാശമാകും! നിങ്ങൾ ആത്മാക്കളാണ്, ഞാൻ നിങ്ങളുടെ പരമപിതാവ്, പരമാത്മാവാണ് അവിനാശിയാണ്. എനിക്ക് പാവനമായി മാറി സുഖധാമത്തിലേക്ക് പോകണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ശ്രീമതത്തിലൂടെ നടക്കൂ. അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഓർമ്മിക്കുന്നില്ലെങ്കിൽ എങ്ങനെ വികർമ്മം വിനാശമാകും! ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാലവന്ദനവും. ആത്മീയപിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യസാരം-**

1) എല്ലാപ്രകാരത്തിലും പുരുഷാർത്ഥം ചെയ്യണം, ചിന്തിക്കേണ്ടതില്ല എന്തെന്നാൽ നമ്മുടെ ഉത്തരവാദി സ്വയം ബാബയാണ്. നമ്മുടെ ഒന്നും വ്യർത്ഥമാവുകയില്ല.

2) ബാബക്കുസമാനം വളരെ വളരെ മധുരമായി മാറണം. അനേകം പേരുടെ മംഗളം ചെയ്യണം. ഈ അന്തിമജന്മത്തിൽ തീർച്ചയായും പവിത്രമാകണം. ജോലി കാര്യങ്ങൾ ചെയ്യുമ്പോഴും ഞാൻ ആത്മാവാണ് എന്നത് അഭ്യാസം ചെയ്യണം.

## വരദാനം - ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും ഫരിഷ്ത അവസ്ഥയുടെ സാക്ഷാത്ക്കാരം ചെയ്യിക്കുന്ന സാക്ഷാത്ക്കാരമൂർത്തിയായി ഭവിക്കട്ടെ.

ഗൃഹസ്ഥത്തിന്റെ വിസ്താരത്തിൽ ഇരിക്കുമ്പോഴും വിസ്താരത്തെ ചുരുക്കി ഉപരാമസ്ഥിതിയിലിരിക്കാനുള്ള അഭ്യാസം ചെയ്തുകൊണ്ടിരിക്കൂ. ഇപ്പോഴിപ്പോൾ സ്ഥൂലകാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു,ഇപ്പോഴിപ്പോൾ അശരീരീയായി മാറി.ഈ അഭ്യാസം ഫരിഷ്ത അവസ്ഥയുടെ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു.ഉയർന്നസ്ഥിതിയിൽ ഇരിക്കുമ്പോൾ ചെറിയചെറിയകാര്യങ്ങൾ വ്യക്തഭാവത്തിന്റേതാണെന്ന അനുഭവം ഉണ്ടാകും ഉയരത്തിലേക്ക് പോകുമ്പോൾ താഴ്ന്ന അവസ്ഥ താനേ ഇല്ലാതാകും ,പരിശ്രമം വേണ്ടിവരില്ല.സമയവും ലാഭിക്കാം, സേവനങ്ങളും ഫാസ്റ്റിൽ നടക്കും. ബുദ്ധി വളരെ വിശാലമായിമാറും.അതിനാൽ ഒരേസമയത്ത് അനേകം കാര്യങ്ങൾ ചെയ്യാനുമാകും.

## സ്ലോഗൻ - സന്തോഷത്തെ നിലനിർത്തുന്നതിനായി ആത്മാവാകുന്നദീപത്തിൽ ജ്ഞാനമാകുന്ന നെയ്യ് ദിവസവും ഒഴിച്ചുകൊണ്ടിരിക്കൂ.

**അവ്യക്തസൂചന-സഹജയോഗികളായി മാറണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവികളായി മാറൂ**
ബാബക്ക് കുട്ടികളോട് വളരെ സ്നേഹമുണ്ട് അതിനാലാണ് സദാ, കുട്ടികളേ നിങ്ങൾ ആരാണോ എങ്ങിനെയാണോ എന്റേതാണ് എന്ന് പറയുന്നത്.ഇങ്ങിനെ താങ്കളും സദാ ലവ്‌ലീനമായി ഇരിക്കൂ.ഹൃദയത്തിൽ നിന്നും പറയൂ,ബാബാ എനിക്കെല്ലാം ബാബയാണ്... ഒരിക്കലും അസത്യലോകത്തിന്റെ പ്രഭാവത്തിൽ വരരുത്.ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖ വരക്കാനുള്ള പേന ബാബ തന്റെ കുട്ടികളുടെ കൈയ്യിലാണ് തന്നിരിക്കുന്നത്.താങ്കൾ എത്ര ആഗ്രഹിക്കുന്നുവോ അത്രയും ഭാഗ്യം ഉണ്ടാക്കാൻ കഴിയും.